**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5911** **09-07-2024 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന നിധിയിലെ ടെണ്ടർ സേവിംഗ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എം.എൽ.എ. ആസ്തി വികസന നിധി ആരംഭിച്ചതു മുതൽ ഇതുവരെ കാസർഗോഡ് ജില്ലയിൽ കണ്ടെത്തിയ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | എം എൽ എ ആസ്തി വികസന നിധി ആരംഭിച്ചതു മുതൽ കാസർഗോഡ് , കാഞ്ഞങ്ങാട് , തൃക്കരിപ്പൂർ നിയോജക മണ്ഡലങ്ങളിൽ നാളിതുവരെ ടെണ്ടർ സേവിംഗ്സ് കണക്കാക്കിയിട്ടില്ല .ഉദുമ നിയോജക മണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള ടെണ്ടർ സേവിംഗ്സ് തുക 1,40,49,615 /- രൂപയും മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ 2017-18 മുതൽ 2019-20 വരെയുള്ള ടെണ്ടർ സേവിംഗ്സ് തുക 1,70,74,684 /- രൂപയുമാണ് . ഉദുമ നിയോജക മണ്ഡലത്തിൽ 2021 -22 മുതൽ നാളിതുവരെയും , മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ 2020-21 മുതൽ നാളിതുവരെയുമുള്ള ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കിയിട്ടില്ല . |
| (ബി) | പ്രസ്തുത തുക ഏതെല്ലാം പ്രവൃത്തികൾക്ക് വിനിയോഗിച്ചുവെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | ടെണ്ടർ സേവിങ്ങ്സ് തുക ഉപയോഗിച്ച പ്രവൃത്തികൾ അനുബന്ധം 1 ൽ കാണാവുന്നതാണ് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| **നിയോജക മണ്ഡലം** | **ടെണ്ടർ സേവിങ്ങ്സ് തുക ഉപയോഗിച്ച പ്രവൃത്തികൾ** |
|---|---|
| കാസറഗോഡ് | ഇല്ല |
| തൃക്കരിപ്പൂർ | ഇല്ല |
| കാഞ്ഞങ്ങാട് | ഇല്ല |
| ഉദുമ | 1 പൊട്ടൻ കുളം വിഷ്ണുമംഗലം റോഡ് അഭിവൃദ്ധിപ്പെടുത്തൽ (പുല്ലൂർ പെരിയ പഞ്ചായത്ത്) 20 ലക്ഷം |
| | 2 ചായിത്തട്ടുക്കം - ചിറ്റപ്പൻകുണ്ട് - തലപ്പാററോഡ് അഭിവൃദ്ധിപ്പെടുത്തൽ (കുറ്റിക്കോൽ പഞ്ചായത്ത്) 25 ലക്ഷം |
| | 3 ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം ജി എച്ച് എസ് കുറ്റിക്കോൽ 50 ലക്ഷം |
| | 4 എരിഞ്ചേരി - പാണ്ടൂർ റോഡ് വളവ് നികത്തൽ 30 ലക്ഷം |
| | 5 ആറാട്ട് കടവ്- എരോൽ അമ്പലത്തുങ്കാൽ റോഡ് 15 ലക്ഷം |
| മഞ്ചേശ്വരം | 1. മണ്ഡലത്തിലെ 20 സ്കൂളുകൾക്ക് ലാപ് ടോപ് 60,55,604 /- രൂപ |